**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**പരിപത്രം**

നം.ഉപ.സി.3/141/2017/ഉഭപവ തിരുവനന്തപുരം, തീയതി :27/08/2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ 01/09/2019 മുതൽ e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- 1) 20.12.2017 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
2) 01.06.2018-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
3) 30.10.2018-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
4) 18.01.2019-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
5) 18.07.2019-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
6) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.08.2019-ലെ R&A IV(2)50001/18-KPSC നം.കത്ത്.

സൂചന (1) പരിപത്രം പ്രകാരം, 01.01.2018 മുതൽ പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ വകുപ്പ മേധാവികളും/നിയമനാധികാരികളും കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പരിപത്രം പ്രകാരം ഒഴിവുകൾ e-vacancy software മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിലും OTP (One Time Password) സംവിധാനം ഉപയോഗിച്ച് കൊണ്ട് ഒരു ഏകജാലക സംവിധാനമെന്ന രീതിയിൽ പരിഷ്കരിക്കുവാൻ കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നതിനാലും, നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 31.08.2019 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ച വിവരം സൂചന 2,3,4,5 സർക്കുലറുകളിലൂടെ എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിച്ചിരുന്നു.

3. എന്നാൽ, 01-09-2019 മുതൽ e-vacancy software മുഖാന്തിരം കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുന്ന ഒഴിവുകൾ മാത്രമേ സ്വീകരിക്കേണ്ടതുള്ളു എന്ന് കമ്മീഷൻ തീരുമാനിച്ചതായി സൂചന 6 കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

4. മേൽ സാഹചര്യത്തിൽ, നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 31.08.2019 വരെ മാത്രമേ നിലവിലുണ്ടായിരിക്കുകയുള്ളുവെന്നും, തുടർന്ന് 01-09-2019 മുതൽ e-vacancy software സംവിധാനം മുഖാന്തിരം കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുന്ന ഒഴിവുകൾ മാത്രമേ കമ്മീഷൻ സ്വീകരിക്കുകയുള്ളു എന്നുമുള്ള വിവരം എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിക്കുന്നു. **ആയതിനാൽ, 01-09-2019 മുതൽ e-vacancy software സംവിധാനം മുഖാന്തിരം മാത്രം ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുവാൻ എല്ലാ വകുപ്പ മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.**

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
*www.pard.gov.in* എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ